പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1997 | 17.12.2012-ൽ മറുപടിക്ക്.

## അനധികൃത സ്ഫോടക വസ്തു കടത്ത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലേക്ക് സ്ഫോടക വസ്തുക്കൾ അനധികൃതമായി കടത്തുന്ന ഗുരുതരമായ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) പാറക്വാറികളിൽ ഉപയോഗിക്കാനെന്ന വ്യാജേനയുള്ള സ്ഫോടക വസ്തുക്കളുടെ അനധികൃതകടത്തിനെ ലഘുവായി കാണുന്നതുമൂലം ഉണ്ടായേക്കാവുന്ന ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ച് പരിഗണിച്ചിട്ടുണ്ടോ ;<br><br>(സി) എങ്കിൽ അംഗീകൃത ക്വാറികളിലെ ഉപയോഗത്തിനുള്ള സ്ഫോടന വസ്തുക്കൾ സർക്കാർ നിയന്ത്രണത്തിൽ മാത്രം ലഭ്യമാക്കുകയും, അനധികൃത ക്വാറികളുടെ പ്രവർത്തനം കർശനമായി നിയന്ത്രിക്കുകയും ചെയ്യുമോ ; | : (ബി) & (സി)<br>ഇത്തരം അനധികൃത കടത്തിനെ ലഘുവായി കാണുന്നില്ല. സ്ഫോടക വസ്തുതക്കളുടെ കടത്ത് തടയുന്നതിലേയ്ക്ക് ചെക്ക് പോസ്റ്റുകളിലുള്ള വിൽപ്പന നികുതി/ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ഹൈവേ പരിശോധനകൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ക്വാറികളോട് ബന്ധപ്പെട്ട് നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുമോ ? | : (ഡി) ക്വാറികളോട് ബന്ധപ്പെട്ട് തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ